WCD/NNM2-27603/18
വനിതശിശു വികസന വകുപ്പ്V ഡയറക്ടർ
തിരുവനതപുരം

പ്രോഗ്രാം ഓഫീസർമാർ
ജില്ല ഐ സി ഡി എസ്

വിഷയം: വനിതശിശു വികസന വകുപ്പ് -നാഷണൽ ന്യൂട്രിഷൻ മിഷൻ - സമ്പുഷ്ട കേരളം -"കുടുംബങ്ങളിലേക്ക് അങ്കണവാടി" പ്രവർത്തനത്തിന്റെ തുടർച്ചയായി സാമൂഹ്യധിഷ്ഠിത പ്രവർത്തനങ്ങൾ, " കൂടെയുണ്ട് അങ്കണവാടി " സംബന്ധിച്ച് :-

സൂചന: WCD/NNM2-27603 / 20 തീയതി 21 / 05 /2020.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കോവിഡ് 19 മഹാമാരിയുടെ വ്യാപനം ഫലപ്രദമായി തടയുന്നതിന് വേണ്ടി രാജ്യമെങ്ങും ലോക്ക്ഡൗണിൽ ഏർപ്പെട്ടിരിക്കുകയാണ്. എന്നാൽ അങ്കണവാടി വഴി നൽകുന്ന സേവനങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതി ഭാഗമായി, ആദ്യത്തെ ഘട്ടമായി സംസ്ഥാനത്തെ എല്ലാ അങ്കണവാടി പ്രവർത്തക ടേക് ഹോം റേഷൻ ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിച്ചുകൊടുത്തിരുന്നു. ഇതോടൊപ്പം സംസ്ഥാനത്തെ 33115 അങ്കണവാടികളിലെ പ്രവർത്തകർ ഫോണിലൂടെ കൊറോണ സംബന്ധമായ അറിയിപ്പുകൾ, സംശയനിവാരണം, വിവരശേഖരണം, പരാമർശ സേവനങ്ങൾ എന്നിവ അവരവരുടെ അങ്കണവാടി പ്രദേശങ്ങളിൽ നടത്തിയിരുന്നു.

ആയതി തുടർപ്രവർത്തനമായി അടുത്ത ഘട്ടത്തിൽ സാമൂഹ്യാധിഷ്ഠിത പ്രവർത്തനങ്ങളും നടത്തേണ്ടതായിട്ടുണ്ട്. കേരളത്തിലെ ഭൂരിഭാഗം ജനങ്ങൾക്കും മൊബൈൽ ഫോണുകൾ / സ്മാർട്ട് ഫോണുകൾ ലഭ്യമായതിനാൽ ഇതിലൂടെയായിരിക്കും സാമൂഹ്യാധിഷ്ഠിത ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇത് സാങ്കേതിക വിദ്യയുടെ അനന്തമായ സാദ്ധ്യതകൾ ഉപയോഗിച്ച് നടത്തേണ്ട പ്രവർത്തനമാകുന്നു. സമ്പുഷ്ട കേരളം പദ്ധതിയുടെ ഭാഗമായി ജില്ല/ബ്ലോക്ക് തലങ്ങളിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ സാങ്കേതിക പരിജ്ഞാനവും സേവനവും ഈ പ്രവർത്തനങ്ങളിൽ ഉടനീളം വിനിയോഗിക്കേണ്ടതുണ്ട്.

"കുടുംബങ്ങളിലേക്ക് അങ്കണവാടി" എന്ന പ്രവർത്തനത്തിന്റെ രണ്ടാം ഘട്ടമായ സാമൂഹ്യധിഷ്ഠിത പ്രവർത്തനങ്ങൾ (CBE) "കൂടെയുണ്ട് അങ്കണവാടികൾ" എന്ന പരിപാടിയുടെയുടെ സമാരംഭം ബഹുമാനപ്പെട്ട ആരോഗ്യ, സാമൂഹികനീതി വനിത ശിശു വകുപ്പ് മന്ത്രി ശ്രീമതി കെ കെ ശൈലജ ടീച്ചർ 25/05/2020 തിങ്കളാഴ്ച 2.30 PM നു നിർവഹിക്കുന്നു. ഇതിനെത്തുടർന്ന് **CBE**, ടെലിഫോൺ വഴി വാട്ട്സആപ്പ് വിഡിയോകോൺഫെറെൻസ് / കോൺഫറൻസ് കാൾ നടത്തുന്നതിനുവേണ്ടിയുള്ള സാങ്കേതിക പ്രക്രിയകൾ സി.ഡി.പി.ഒ, സൂപ്പർവൈസേഴ്സ് ,ബ്ലോക്ക് ലെവൽ എൻ.എൻ.എം ജീവനക്കാർക്ക് പ്രോഗ്രാം ഓഫീസർസ് ഓൺലൈൻ ആയി നൽകേണ്ടതാണ് . ഇവർ വഴി അങ്കണവാടി പ്രവർത്തകയെ എങ്ങനെ **CBE**, ടെലിഫോൺ വഴി വാട്ട്സആപ്പ് വിഡിയോകോൺഫെറെൻസ് / കോൺഫറൻസ് കാൾ നടത്താൻ പ്രാപ്തരാകേണ്ടതുമാണ്.

അങ്കണവാടി പ്രവർത്തകയെ വാട്ട്സ് ആപ്പ് വീഡിയോ കോൺഫറൻസ് കാൾ / കോൺഫറൻസ് കാൾ വഴി ഗുണഭോക്താക്കളുമായി നടത്തുമ്പോൾ ഡോക്യുമെന്റഷന്റെ ഭാഗമായി അങ്കണവാടി പ്രവർത്തക സ്ക്രീൻ ഷോട്ട് എടുത്ത് സി.ഡി.പി.ഒ ക്കും എൻ.എൻ.എം സ്റ്റാഫും അയച്ചുകൊടുക്കേണ്ടതാണ്. സ്ക്രീൻ ഷോട്ട് എൻ എൻ എം സ്റ്റാഫ് ഡാഷ് ബോർഡിൽ അപ്ലോഡ് ചെയ്യണം. കൂടാതെ കോൺഫറൻസ് കാൾ നടത്തിയതിനെ തുടർന്ന് ആ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഗൂഗിൾ ഷീറ്റിൽ രേഖപ്പെടുത്തേണ്ടതും ടി വിവരങ്ങൾ പരിശോധിച്ച് ശെരിയാണെന്നു ഉറപ്പുവരുത്തേണ്ടതുമാണ്. നടത്തേണ്ട മാതൃകയും വിഷയത്തിന്റെ വിശദംശങ്ങൾ ആവശ്യമുള്ള IEC മെറ്റീരിയൽസ് , ഗൈഡ്ലൈൻസ് , ലിങ്ക്സ് എന്നിവ ഇതോടൊപ്പം അനുബന്ധമായി നൽകുന്നു.

വിശ്വസ്തതയോടെ,

for B 22/05/2020

വനിതാ ശിശുവികസന ഡയറക്ടർ

തിരുവനന്തപുരം

BINDU GOPINATH
Assistant Director
Women and Child Development Department
Thiruvananthapuram-695 012

ഉള്ളടക്കം : സൂചന പകർപ്പ്

പകർപ്പ്:

1. സി ഡി പി ഒ
2. സൂപ്പർവൈസേഴ്സ്
3. ബ്ലോക്ക് കോർഡിനേറ്റർസ്
4. ഡിസ്ട്രിക്ട് കോർഡിനേറ്റർസ്
5. ബ്ലോക്ക് പ്രൊജക്റ്റ് അസിസ്റ്റന്റ്
6. ഡിസ്ട്രിക്ട് പ്രൊജക്റ്റ് അസിസ്റ്റന്റ്